ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പാക്കിയിട്ടില്ല.

(ബി&സി) നെടുമുടി പഞ്ചായത്തിലെ മണപ്ര ഭഗവതി പറമ്പിൽ ശ്രീ. ഭദ്രകാളി ക്ഷേത്രത്തിന്റെ കുളം സംരക്ഷിക്കുന്ന പ്രവൃത്തി, കേന്ദ്ര സഹായത്തിലൂടെ നടപ്പിലാക്കുന്ന ആർ.ആർ.ആർ. (Repair, Renovation and Restoration of pond) പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് വകുപ്പുതലത്തിൽ തയ്യാറാക്കിവരുന്നു.

നേമം മണ്ഡലത്തിൽ തുക്കണ്ണാപുരം -പ്ലാവിള ജംഗ്ഷനിലെ തടസ്സമുണ്ടാക്കുന്ന ജലവിതരണ കുഴലുകൾ മാറ്റാൻ നടപടി

187 (4473) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിൽ തുക്കണ്ണാപുരം വാർഡിൽ പ്ലാവിള ജംഗ്ഷനിൽ വീടുകൾക്കു മുന്നിൽ ജലവിതരണ കുഴലുകൾ കാലങ്ങളായി മാർഗ്ഗതടസ്സമുണ്ടാക്കികൊണ്ട് കൂട്ടിയിട്ടിരിക്കുന്നത് അടിയന്തരമായി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത ജലവിതരണ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽനിന്നും വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ

188 (4474) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽനിന്നും വിരമിച്ച ജീവനക്കാരിൽ എത്രപേർക്ക് ഇനിയും പെൻഷൻ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതു വർഷംവരെ വിരമിച്ചവർക്കാണ് മുഴുവൻ ആനുകൂല്യങ്ങളും നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽനിന്നും 30-9-2014 വരെ പെൻഷനായവരിൽ 68 പേർക്ക് പെൻഷൻ നൽകാനുണ്ട്.

(ബി) 1-7-2009-ന് മുമ്പ് വിരമിച്ചവരുടെ പുതുക്കിയ നിരക്കിലുള്ള പെൻഷൻ നൽകുന്നുണ്ട്. എന്നാൽ ഇവരുടെ പെൻഷൻ കുടിശ്ശിക ഫണ്ടിന്റെ അപര്യാപ്തതമൂലം

LIBRARY ARCHIVES Kerala Legislative Assembly